14-8-2014-ലെ കമ്മീഷന്റെ താരിഫ് പരിഷ്കരണ ഉത്തരവിലൂടെ നാണ്യവിളകളുടെ താരിഫ് LT IV(A) വ്യവസായം ആക്കിയിട്ടുണ്ട്. (16-8-2014 മുതൽ)

സംസ്ഥാനത്ത് വൈദ്യുതി താരിഫ് പരിഷ്കരിക്കുന്നതിനുള്ള പരിപൂർണ്ണാധികാരം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കുകളിൽ മാറ്റം വരുത്തുന്നതിന് വിതരണ ലൈസൻസി എന്ന നിലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കഴിയുകയില്ല.

(ബി) ഗാർഹിക കണക്ഷനുകൾ ഉൾപ്പെടെയുള്ള എല്ലാവിധ വൈദ്യുതി കണക്ഷനുകളും കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ (KSERC) നിഷ്കർഷിച്ചിട്ടുള്ള ചാർജ്ജുകളുടെ അടിസ്ഥാനത്തിലാണ് നൽകിവരുന്നത്.

നിലവിൽ ഒരു പോസ്റ്റ് ആവശ്യമുള്ള സർവ്വീസ് കണക്ഷന്റെ നിരക്ക് (വെതർപ്രൂഫ് പോർഷൻ ഉൾപ്പെടെ) 13,650 രൂപയാണ്. വിശദവിവരം താഴെ കൊടുത്തിരിക്കുന്നു :

50 മീറ്റർ നീളമുള്ള സിംഗിൾ ഫേസ് ഒ.എച്ച്. ലൈനിന്റെയും ഒരു പോസ്റ്റിന്റെയും ചാർജ്ജ്	11,500
വെതർ പ്രൂഫ് പോർഷന്റെ ചാർജ്ജ്	2,150
ആകെ	13,650

എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (DDUGJY) പ്രകാരം പോസ്റ്റുകൾ ആവശ്യമുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗാർഹിക വിഭാഗത്തിൽപ്പെടുന്ന അപേക്ഷകൾക്ക് കണക്കുഡ് ലോഡിന്റെ പരിധിയില്ലാതെ സൗജന്യമായാണ് വൈദ്യുതി കണക്ഷൻ നൽകുന്നത്.

അനെർട്ടിന്റെ പുനഃസംഘടന

69 (414) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. എം. ഉമ്മർമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനെർട്ട്)-യുടെ പ്രവർത്തനം പുനഃസംഘടിപ്പിച്ച് ഊർജ്ജസ്വലമാക്കുന്നതിനുള്ള പദ്ധതി ഏതെങ്കിലും പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ഡോ. രവിയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ടായിരുന്നോ ; എങ്കിൽ അദ്ദേഹത്തിന്റെ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമെന്നും അതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) അനെർട്ടിനെ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനായി സ്പെഷ്യൽ ഓഫീസറായി ഡോ. കെ. രവിയെ 28-9-2011-ലെ സ.ഉ.(എംഎസ്.)37/11/ഊവ പ്രകാരം നിയമിച്ചു. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ താഴെപ്പറയുന്നവയാണ് :

1. ഡയറക്ടർ, രജിസ്ട്രാർ (ജനറൽ മാനേജർ എന്ന തസ്തികയായി പിന്നീട് പുനർനാമകരണം ചെയ്തിട്ടുണ്ട്.) എന്നീ തസ്തികളിൽ യോഗ്യതയും അനുഭവസമ്പത്തുമുള്ള ഓഫീസറെ സ്ഥിരമായി നിയമിക്കുക

2. ഒരു തസ്തികയിൽ തുടരുന്ന ഉദ്യോഗസ്ഥൻ മറ്റൊരു ഓഫീസിലേയ്ക്ക് വിടുതൽചെയ്ത് പോകുമ്പോൾ അവർ വഹിച്ച തസ്തികയുടെ ചാർജ്ജ് തൊട്ടടുത്ത ഉദ്യോഗസ്ഥന് നിർബന്ധമായും കൈമാറുക

3. അനെർട്ടിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഇന്റേണൽ ആഡിറ്റ് നടപ്പിൽ വരുത്തുക

4. അനെർട്ടിലെ അന്യത്രസേവനം നിർത്തലാക്കുക

5. എല്ലാ ജീവനക്കാർക്കും അർഹതപ്പെട്ട പ്രൊമോഷൻ നൽകുക

6. അനെർട്ടിലെ തസ്തികകളുടെ എണ്ണം 105-ൽനിന്നും 150 ആയി ഉയർത്തുക

7. ലൈബ്രറി വിപുലീകരിക്കുക

LIBRARY ARCHIVES Kerala Legislative Assembly

8. കമ്പ്യൂട്ടർ ഡിവിഷൻ സ്ഥാപിക്കുക

9. റിന്യൂവബിൾ എനർജി പദ്ധതികൾ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിനായി അനെർട്ടിന്റെ ജില്ലാ ഓഫീസുകളും ഹെഡ് ഓഫീസിലും തമ്മിൽ ഇന്റർനെറ്റ്/കമ്പ്യൂട്ടർ മുഖേന ബന്ധിപ്പിക്കുക

10. ജീവനക്കാരുടെ പെർഫോമൻസ് അവലോകനം ചെയ്യുന്നതിനായി രജിസ്ട്രാർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുക

11. റിന്യൂവബിൾ എനർജി മേഖലയിൽ റിസർച്ച് നടത്തുന്നതിനായി ലാബ് സജ്ജീകരിക്കുക

12. റിന്യൂവബിൾ എനർജി മേഖലയിൽ കാതലായ സംഭാവനകൾ നൽകുന്ന എഞ്ചിനീയർ/ശാസ്ത്രജ്ഞന്മാർക്ക് അധിക പ്രൊമോഷൻ/ശമ്പളം എന്നിവ നൽകുക.

സ്പെഷ്യൽ ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. അനെർട്ടിലെ ഡയറക്ടർ, ഫിനാൻസ് മാനേജർ എന്നീ തസ്തികകളുടെ യോഗ്യതകൾ 28-2-2014-ലെ സ.ഉ.(ആർ.ടി.) 5/14/ഊ.വ. പ്രകാരം നിശ്ചയിക്കുകയും ഫിനാൻസ് മാനേജർ തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള നടപടികൾ നടന്നുവരികയാണ്

2. അനെർട്ടിൽ പത്തുവർഷം സേവനം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും അവർക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകുകയും ചെയ്തുവരുന്നു

3. അനെർട്ടിൽ അർഹതപ്പെട്ട ശാസ്ത്രജ്ഞർക്ക് പ്രൊമോഷൻ നൽകി

4. അനെർട്ടിലെ നിയമനം പി.എസ്.സി.-ക്ക് വിടുന്നതിനുള്ള നടപടികൾ നടന്നുവരുന്നു

5. മറ്റ് തസ്തികകളിലെ യോഗ്യത പുനർനിർണ്ണയം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ അനെർട്ട് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്

മറ്റ് ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നകാര്യം പരിഗണിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly